നം.കെ.എസ്.എ-കെ.ടി.എം.പി15/1624/2017 തീയതി : 02.11.2017

# കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.09.2016 മുതൽ 31.3 .2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 26.09.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.09.2017 മുതൽ 26.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പ്രസാദ് പി.ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബാബുരാജ് കെ.ബി. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി അന്നമ്മ ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.കെ.എസ്.ബാബു | 1.04.2016 മുതൽ 31.03.2017 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി എലിസബത്ത്എം. | 01.04.2016 മുതൽ 31.08.2016 വരെ |
| | ശ്രീമതി മിനി നായർ | 01.09.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| സീനിയർ വെറ്ററിനറി സർജൻ | ഡോ.തോമസ് എബ്രഹാം | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.മുണ്ടക്കയം | ഡോ.ദിനേശ് എം. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. എരുമേലി | ഡോ.സീന ഇസ്മയിൽ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കൂട്ടിക്കൽ | ഡോ.പ്രസൂൺ മാത്യു എം. | 01.04.2016 മുതൽ 31.03.2017 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി സുശീല എൻ.ബി. | 01.04.2016 മുതൽ 31.01.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.അശോകൻ റ്റി.എം. | 01.04.2016 മുതൽ 31.03.2017 വരെ |
| സി ഡി പി ഒ, കാഞ്ഞിരപ്പള്ളി | ശ്രീമതി ബീനാമ്മ ജേക്കബ്ബ് | 01.04.2016 മുതൽ 31.03.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.അജിമോൻ റ്റി.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| പട്ടികവർഗ്ഗ വികസന ഓഫീസർ | ശ്രീമതി ജോളിക്കുട്ടി കെ.ജി. | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്യാഷ് വെരിഫിക്കേഷൻ |

| | |
|---|---|
| 1-9 | ആഭ്യന്തരനിയന്ത്രണം |
| 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-11 | ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | മുറി വാടക--പിഴപ്പലിശ ഈടാക്കുന്നില്ല |
| 2-3 | ഇ-ടെണ്ടർ--ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭ്യമായില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം--ലൈസൻസ് ലഭ്യമാക്കിയിട്ടില്ല |
| 3-2 | റോഡ് ടാറിംഗ് പ്രവൃത്തികൾ--ബാരൽവില ഈടാക്കിയില്ല |
| 3-3 | എസ്റ്റിമേറ്റിലും അധികരിച്ച് തുക നൽകി. പഞ്ചായത്തിന് നഷ്ടം |
| 3-4 | പുത്തൻചന്ത സാംസ്കാരിക നിലയം, പ്രോ.നം.25/17--അപൂർണ്ണമായ കെട്ടിടനിർമ്മാണ പ്രവൃത്തി. സർക്കാർ ഉത്തരവിന്റെ ലംഘനം |
| 3-5 | പാർട്ട്ബില്ലിൽ നിന്ന് റിട്ടൻഷൻ ഈടാക്കാത്തത് |
| 3-6 | വനിതാ തൊഴിൽപരിശീലനകേന്ദ്രം--പ്രോജക്ട് ലക്ഷ്യം സാധ്യമായില്ല |
| 3-7 | മസ്റ്റർ റോളുകൾ, ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഹാജരാക്കാതെ ഗുണഭോക്തൃസമിതിക്ക് തുക നൽകി |
| 3-8 | സർക്കാർ നിർദ്ദേശം ലംഘിച്ച് പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കിയത് |
| 3-9 | ശുചിത്വകോട്ടയം--തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഇല്ല |
| 3-10 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല |
| 3-11 | വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |

| | |
|---|---|
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016 -17 വർഷത്തെ ബജറ്റ് 25.03.2016 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർഥം |
|---|---|---|
| മുന്നിരിപ്പ് | 0 | 5,24,64,759 |
| വരവ് | 33,33,00,000 | 8,77,48,331 |
| ആകെ | 33,33,00,000 | 14,02,13,090 |
| ചെലവ് | 33,32,00,000 | 9,23,16,858 |
| നീക്കിയിരിപ്പ് | 1,00,000 | 4,78,96,232 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് ബജറ്റ് തയാറാക്കേണ്ടതും ബജറ്റിലെ തുകകളും യഥാർഥ തുകകളും തമ്മിലെ അന്തരം ലഘൂകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 26.05.2017 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-2017 | 2016-17 വർഷത്തെ ഓഡിറ്റിൽ പരിശോധിച്ചു. |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,24,64,759 |
| വരവ് | 8,77,48,331 |
| ആകെ | 14,02,13,090 |
| ചെലവ് | 9,23,16,858 |
| നീക്കിയിരിപ്പ് | 4,78,96,232 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | അലോട്ട്മെന്റ് നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,68,92,891 | 3,68,92,891 | 2,20,01,129 | 1,48,91,762 | 59.64 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,73,38,815 | 1,73,38,815 | 68,97,689 | 1,04,41,126 | 39.78 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 65,10,450 | 65,10,450 | 30,96,565 | 34,13,885 | 47.56 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 55,47,780 | 55,47,780 | 34,63,835 | 20,83,945 | 62.44 |
| MGNREGS | 2,330 | 4,29,189 | 4,31,519 | 4,28,088.4 | 3,430.6 | 99.2 |

## 1-6 പദ്ധതി അവലോകനം

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച 2016-17 ലെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം നല്കി. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (എണ്ണം) | (എണ്ണം) | ശതമാനം |
| 135 | | 76 | | 01 | 58 | 56.3 |

135 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 75 എണ്ണം പൂർണമായും 02 എണ്ണം ഭാഗികമായും നടപ്പിലാക്കി 8,44,21,057 രൂപ അടങ്കൽ നിശ്ചയിച്ച് പ്രോജക്ടുകൾ തയാറാക്കിയെങ്കിലും 3,57,30,198 രൂപ മാത്രമാണ് ചെലവഴിച്ചത്. ചെലവ് 42.33 ശതമാനം മാത്രം.

കാർഷിക മേഖലയിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവഹണഉദ്യോഗസ്ഥനായ പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയില്ല. പദ്ധതിനിർവഹണത്തിൽ കാര്യക്ഷമത പുലർത്തേണ്ടതാണ്. നിർമാണ പ്രവൃത്തികളിൽ പുതിയതായി ഏറ്റെടുത്ത ഭൂരിപക്ഷം പ്രോജക്ടുകളും 5 ലക്ഷത്തിൽ കുറവ് അടങ്കലുള്ളവയാണ്. വാർഷികപദ്ധതി രൂപീകരണമാർഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കാൻ പാടില്ലാത്ത പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയതിലൂടെ പ്രോജക്ട് നടത്തിപ്പിൽ സർക്കാർ നിർദേശങ്ങളുടെ ലംഘനം നടന്നിട്ടുണ്ട്.

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 1,93,306 | 1,71,608 | 21,698 | (-)11.2 |
| ആകെ | 1,93,306 | 1,71,608 | 21,698 | (-)11.2 |

വാർഷികകണക്കുകളിൽ നിന്ന് ലഭ്യമായിട്ടുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ കണക്കുകൾ തയാറാക്കിയിട്ടുള്ളത്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.17 തീയതി 3.00 പി.എം.-ന് ഹെഡ്ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,515/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നല്കിയിരുന്നു. ഔദ്യോഗികരേഖകളും, രജിസ്റ്ററുകളും മതിയായ വിശദാംശങ്ങൾ ചേർത്ത് ശരിയായി സൂക്ഷിച്ചിട്ടുണ്ട്. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ എല്ലാ ദിവസവും പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുമുണ്ട്.

- ജനറൽകമ്മിറ്റി മിനിറ്റ്സ് ഉൾപ്പടെയുള്ള മിനിറ്റ്സ്ബുക്കുകൾ കൃത്യമായി തയാറാക്കിയിട്ടുണ്ട്. വൗച്ചറുകൾ അനുബന്ധരേഖകളുൾപ്പെടെ മാസക്രമത്തിൽ തരം തിരിച്ച് കെട്ടുകളാക്കി സൂക്ഷിച്ചിട്ടുണ്ട്.
- സാംഖ്യ സ്റ്റേഷനറി, രസീത് ബുക്കുകൾ എന്നിവയ്ക്കായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ 2012-13 വർഷം വരെ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2015-16 | 2015-16 | 19.12.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2014-15 | 2009-10 മുതൽ 2013-14 വരെ | 04.08.2014 |

## 1-11 ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, അനുബന്ധമായി സർക്കാർ യഥാസമയം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്ത് അതിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ, ടി ഉത്തരവാദിത്തങ്ങളും, ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചുവോ, പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നുമായി ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ശേഖരിച്ചുവോ, ഇപ്രകാരം ലഭിച്ച വരുമാനം പാഴ്ച്ചെലവില്ലാതെ കൃത്യമായി വിനിയോഗിച്ചോ, ഇപ്രകാരം ശേഖരിക്കുകയും ചെലവഴിക്കുകയും ചെയ്ത തുകകളുടെ കൃത്യമായ കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നിവയുടെ പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി നിജപ്പെടുത്തിയത്.

പഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്കുകൾ, ഓഫീസ് ഉത്തരവുകൾ, സാംഖ്യ ഉൾപ്പെടെയുള്ള രസീതുകൾ, വാടക, ലേലം, മറ്റിനം വരവുകൾ എന്നിവ സംബന്ധിച്ച രേഖകൾ, വിവിധ ചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽചേർത്ത ഓഡിറ്റ് ലക്ഷ്യങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുക എന്നതായിരുന്നു ഓഡിറ്റ് മാനദണ്ഡം.

# ഭാഗം-2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വാർഷിക കണക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം ₹ 6,48,86,164/-യും ആകെ ചെലവ് ₹ 6,54,68,126/-യുമാണ്.

2) റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള ആകെ വരവ് ₹ 14,02,13,090/-യും(മുന്നിരിപ്പ് ഉൾപ്പെടെ) ആകെ ചെലവ് ₹ 9,23,16,858/-യുമാണ്. 31.03.2017 ലെ നീക്കിയിരിപ്പ് ₹9,23,16,858/-യാണ്.

3) പൊതു ഉദ്ദേശ്യഗ്രാന്റിന്റെ 31.03.2017 ലെ നീക്കിയിരിപ്പ് ₹ 44,17,299/-യാണ്.

4) ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ് കണക്കിൽ തൻവർഷം ₹4,29,189/-വരവും ₹ 4,24,088/- ചെലവും ഉണ്ട്. ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) ഐ എ വൈ അഡ്മിൻ അക്കൗണ്ടിൽ ലഭിച്ച പലിശ ആർ പി 8 ഷെഡ്യൂളിൽ സ്ഥിരനിക്ഷേപത്തിന് ലഭിച്ച പലിശയായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 2-2 മുറി വാടക-പിഴപ്പലിശ ഈടാക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ചോറ്റി വനിതാ പരിശീലന കേന്ദ്രത്തിന്റെ നാല് മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. മിക്കവാറും എല്ലാ മുറികളുടെയും വാടക തൊട്ടടുത്ത മാസം ഒടുക്കുന്നതായാണ് കാണുന്നത്. വാടകക്കാരൻ മുറി വാടക അതാത് മാസം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ പ്രതിമാസം 2% പിഴപ്പലിശ ഈടാക്കുന്നതിന് വാടകക്കാരുമായി ഏർപ്പെട്ട കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അപ്രകാരം ഈടാക്കുന്നില്ല. ഭാവിയിൽ മുറിവാടക അതത് മാസത്തിൽ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ പിഴപ്പലിശയും ഈടാക്കേണ്ടതാണ്.

## 2-3 ഇ-ടെൻഡർ - ടെൻഡർഫീസ് പഞ്ചായത്തിന് ലഭ്യമായില്ല

ചുവടെ ചേർക്കും പ്രകാരം 33 പ്രോജക്ടുകൾ പ്രകാരമുള്ള പ്രവൃത്തികൾ 2016-17 ൽ ഇ-ടെൻഡർ നടത്തിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | ലഭിച്ച ടെൻഡറുകൾ | ടെൻഡർ ഫീസ് | ആകെ ഫീസ് |
|---|---|---|---|---|
| 1 | 023/17, ഞാറക്കൽ-താമരക്കുളം കുളം അറ്റകുറ്റപ്പണി. | 1 | 1050 | 1050 |
| 2 | 058/17, മുട്ടപ്പള്ളി ഡി.എ.എം.യു.പി സ്കൂൾ SC കോളനി അടിസ്ഥാനസൗകര്യവികസനം | 4 | 1365 | 5460 |
| 3 | 059/17, ആഴമല IHDPകോളനി അടിസ്ഥാനസൗകര്യവികസനം | 2 | 1470 | 2940 |
| 4 | 060/17, മുളങ്കാനം SC കോളനി അടിസ്ഥാനസൗകര്യവികസനം | 3 | 1575 | 4725 |
| 5 | 121/17, എരുമേലി സി.എച്ച്.സി അടിസ്ഥാനസൗകര്യവികസനം | 8 | 1980 | 15840 |
| 6 | 032/17, വല്യേന്ത-കൊട്ടുങ്ങ അമ്പലം റോഡ് കോൺക്രീറ്റിംഗ് | 4 | 1050 | 4200 |
| 7 | 033/17, പാക്കാനം -കുളമാക്കൽ റോഡ് കോൺക്രീറ്റിംഗ് | 7 | 1050 | 7350 |
| 8 | 034/17, മണിമല മാർക്കറ്റ് റോഡ് ടാറിംഗ് | 1 | 590 | 590 |

| | | | | |
|---|---|---|---|---|
| 9 | 035/17, എരുമേലി ഇരുമ്പൂന്നിക്കര ജംഗ്ഷനിൽ കലുങ്കുംഅപ്രോച്ച് റോഡും | 2 | 1050 | 2100 |
| 10 | 037/17, എരുമേലി കണമല കുളിക്കടവ് | 3 | 1050 | 3150 |
| 11 | 039/17, കോരുത്തോട് പാറമട ടോപ്പ് റോഡ് സംരക്ഷണഭിത്തി. | 4 | 1050 | 4200 |
| 12 | 042/17, ചേനപ്പാടി ചിറ്റടിപ്പടി കലുങ്കും റോഡും | 4 | 1050 | 4200 |
| 13 | 043/17, പാറത്തോട് കാരികുളം ളുങ്കുഴി കലുങ്ക്,റോഡ് | 1 | 1050 | 1050 |
| 14 | 066/17, കൊമ്പുകുത്തി ഈറ്റപ്പലംകുഴി റോഡ് | 1 | 1050 | 1050 |
| 15 | 079/17, കാഞ്ഞിരപ്പള്ളി താഴത്ത്കാവ് SCകോളനി ജലസേചനപദ്ധതി | 1 | 1680 | 1680 |
| 16 | 093/17, ചാത്തൻപ്ലാപ്പള്ളി റോഡ് കോൺക്രീറ്റിംഗ് | 4 | 1050 | 4200 |
| 17 | 095/17 എരുത്വാപ്പുഴ SC കോളനി അടിസ്ഥാനസൗകര്യവികസനം | 1 | 1050 | 1050 |
| 18 | 097/17, കോസടി രാഘവൻപടി-അമ്പലംപടി റോഡ് | 4 | 1050 | 4200 |
| 19 | 100/17സി.എസ്.ഐ നാട്ടുകാണി ST കോളനി അടിസ്ഥാനസൗകര്യവികസനം | 1 | 1050 | 1050 |
| 20 | 049/17വിഴിക്കിത്തോട്& വഞ്ചിത്താഴത്ത് കുളിക്കടവ് | 3 | 1050 | 3150 |
| 21 | 053/17 ബ്ലോക്ക് വനിതാവ്യവസായപരിശീലനകേന്ദ്രം പൂർത്തീകരണം | 2 | 2625 | 5250 |
| 22 | 077/17മുറികല്ലുംപുറം SC കോളനി കുടിവെള്ളപദ്ധതി | 2 | 1050 | 2100 |
| 23 | 092/17, പുഞ്ചവയൽ ST കോളനി ഓപ്പൺ സ്റ്റേജ് | 2 | 1470 | 2940 |
| 24 | 102/17, പാക്കാനം-ഇഞ്ചക്കുഴി റോഡ് ടാറിംഗ് | 3 | 1340 | 4020 |
| 25 | 036/17, റോക്ക്മൗണ്ട് ലക്ഷംവീട് കോളനി സംരക്ഷണഭിത്തി | 2 | 1050 | 2100 |

| | | | | |
|---|---|---|---|---|
| 26 | 050/17, കല്ലങ്കൽകോളനി പത്തേക്കർ കുടിവെള്ളപദ്ധതി | 1 | 1050 | 1050 |
| 27 | 065/17, ആഴമല വട്ടക്കാവ് IHDP കോളനി അടിസ്ഥാനസൗകര്യവികസനം | 1 | 1050 | 1050 |
| 28 | 069/17, ശ്രീനിപുരം SC കോളനി അടിസ്ഥാനസൗകര്യവികസനം | 2 | 1050 | 2100 |
| 29 | 084/17, കൊടിത്തോട്ടം കോളനി പകൽവീട് | 1 | 2100 | 2100 |
| 30 | 104/17മുണ്ടക്കയം ICDS ഓഫീസ് കെട്ടിടം | 1 | 1050 | 1050 |
| 31 | 105/17, മുണ്ടക്കയം CHC കുളവും കിണറും | 2 | 1050 | 2100 |
| 32 | 132/17, പറത്താനം പുതുവൽ റോഡ് കോൺക്രീറ്റിംഗ് | 1 | 1050 | 1050 |
| 33 | 133/17, വില്ലണി മിച്ചഭൂമി ഭജനമഠം അടിസ്ഥാനസൗകര്യവികസനം | 1 | 1050 | 1050 |
| | | | | 101195 |

ടെൻഡർഫീ ഇനത്തിലെ ആകെ തുക ‘ വാറ്റ് ’ഉൾപ്പെടെ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്ന് ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം-ലൈസൻസ് ലഭ്യമാക്കിയിട്ടില്ല

സി.ഡി.പി.ഒ. നിർവ്വഹണോദ്യോഗസ്ഥയായി ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകൽ പദ്ധതി (012/17)പദ്ധതി നടപ്പാക്കുന്നതിനായി വിവിധ പഞ്ചായത്തിലെ 13 ഗുണഭോക്താക്കൾക്ക് കെൽട്രോണിൽ നിന്നും വാഹനം വാങ്ങി നൽകുന്നതിനായി 890500(68500X13)രൂപ ബിൽനമ്പർ 1/16-17 തീയതി 29.11.16 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാഹനം ലഭിച്ചതിൽ 11 ഗുണഭേക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസ് വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 11 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 7,53,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 റോഡ് ടാറിംഗ് പ്രവൃത്തികൾ-ബാരൽവില ഈടാക്കിയില്ല

ചുവടെ ചേർക്കും പ്രകാരമുള്ള റോഡ് ടാറിംഗ് പ്രവൃത്തികൾ ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുകയുണ്ടായി. എന്നാൽ പ്രവൃത്തികൾക്ക് ഉപയോഗിച്ച് ടാർ ബാരലുകളുടെ വില ഈടാക്കുകയുണ്ടായില്ല.

പ്രവൃത്തികളുടെ വിവരം.

| പ്രോജക്ട് | കൺവീനർ/കോൺട്രാക്ടർ | ഉപയോഗിച്ച ടാർ | ഈടാക്കേണ്ട തുക |
|---|---|---|---|
| 102/17,പാക്കാനം-ഇഞ്ചക്കുഴി റോഡ് ടാറിംഗ് | സിജോ മാത്യു (കോൺട്രാക്ടർ) | 16 ബാരൽ | 4528/- (@283) |
| 30/17,കോസടി-കൊട്ടാരംകട റോഡ് ടാറിംഗ് | സുനീഷ് എ.എസ്. (കൺവീനർ) | 12ബാരൽ | 3396/-(283) |

ബന്ധപ്പെട്ട കോൺട്രാക്ടർ/കൺവീനർ ൽ നിന്ന് ബാരൽവില ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-3 എസ്റ്റിമേറ്റിലും അധികരിച്ച് തുക നല്കി. പഞ്ചായത്തിന് നഷ്ടം

മുണ്ടക്കയം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ 22/17 നമ്പർ, മൈക്കോളജി കുടിവെള്ള പദ്ധതി എന്ന വികസനഫണ്ടിൽനിന്ന് 90,046 രൂപയും, തനതുഫണ്ട് 4,09,954 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതം 2 ലക്ഷവുമുൾപ്പെടെ 7 ലക്ഷം രൂപ വകയിരുത്തി അംഗീകാരം വാങ്ങിയ പ്രോജക്ടാണ്. ജിജോ മാത്യു, കൊച്ചുപുരയ്ക്കൽ, പറത്താനം എന്ന കോൺട്രാക്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 14-ാം ഇനം സെന്ററിംഗ് &ഷട്ടറിംഗ് എന്നത് 14.25m2 ,487.16 /m2 നിരക്കിൽ 6,942 രൂപയാണ്.

എന്നാൽ എം.ബുക്ക് 797, പേജ് 42 അനുസരിച്ച് അവസാന ബിൽതുക നല്കിയപ്പോൾ കണക്കാക്കിയത് 17.45m2 @487.16/m2 നിരക്കിൽ 8,500/-രൂപയാണ്. ഇതുമൂലം എസ്റ്റിമേറ്റിലും അധികരിച്ച് 1,558/- രൂ.(8500-6942)കോൺട്രാക്ടർക്ക് നല്കി.

അധികമായി നല്കിയ തുക കരാറുകാരനിൽനിന്ന് തിരികെ ഈടാക്കി സർക്കാരിലൊടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-4 പുത്തൻചന്ത സാംസ്കാരികനിലയം, പ്രോ.നം 25/17 - അപൂർണമായ കെട്ടിടനിർമാണപ്രവൃത്തി. സർക്കാർ ഉത്തരവിന്റെ ലംഘനം

2015-16 ൽ അംഗീകാരം ലഭിച്ച് ടെൻഡർ നടത്തി 19.2.16 ൽ സൈറ്റ് കരാറുകാരന് കൈമാറിയ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ളത് ഫണ്ടിന്റെ അപര്യാപ്തത നിമിത്തം കെട്ടിടത്തിന്റെ സ്ട്രക്ച്ചർ മാത്രം നിർമിക്കുന്നു എന്നാണ്. വിശദമായ എസ്റ്റിമേറ്റിലും അതിനുള്ള ഇനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തൂണുകൾ, ബീമുകൾ, റൂഫ് സ്ലാബ് തുടങ്ങി കെട്ടിടത്തിന്റെ ചട്ടക്കൂടിനുള്ള ഇനങ്ങൾ മാത്രം ഉൾപ്പെട്ട ടി പ്രവൃത്തി പൂർത്തിയാക്കി 3.2 ശതമാനം എസ്റ്റിമേറ്റ് നിരക്കിലും കുറഞ്ഞ നിരക്കിൽ പ്രവൃത്തി കരാറെടുത്ത വ്യക്തിക്ക് 31.1.17 ലെ 11/2016-17 നം. ബിൽ പ്രകാരം തുക നല്കുകയും ചെയ്തു.

12-ാം പഞ്ചവത്സരപദ്ധതി രൂപീകരണ മാർഗരേഖ (സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ 16/11/13) ഖ.നം.11.13 പ്രോജക്ട് തയാറാക്കൽ, ഉപഖണ്ഡിക(xiv) നിർമാണ പ്രവൃത്തി പ്രോജക്ടുകൾ (സി) പ്രകാരം ഒരു കെട്ടിടനിർമാണ പ്രോജക്ട് തയാറാക്കുമ്പോൾ, ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ച്ചർ ആയിക്കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് പ്രവൃത്തികൾ ചെയ്യുകയുമാണ് വേണ്ടത്.

അതായത് തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയാറാക്കുവാനോ അതിന് അംഗീകാരം നല്കുവാനോ പാടില്ല.തുകയുടെ പരിമിതിയുള്ള സംഗതികളിൽ

ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കുകയാണ് വേണ്ടത്.

പുത്തൻചന്ത സാംസ്കാരികനിലയം എന്ന പ്രോജക്ട് തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയാറാക്കിയതിലൂടെ നിർവഹണ ഉദ്യോഗസ്ഥനും, പ്രോജക്ടിന് ഭരണാനുമതി നല്കിയ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും, തെറ്റായ പ്രോജക്ടിന് അംഗീകാരം നല്കിയ ജില്ലാ ആസൂത്രണ സമിതിയും സർക്കാർ ഉത്തരവിന്റെ ലംഘനമാണ് നടത്തിയിട്ടുള്ളത്.

## 3-5 പാർട്ട് ബില്ലിൽനിന്ന് റിട്ടൻഷൻ ഈടാക്കാത്തത്

1) കുഴിമാവ് IHDP കോളനി അടിസ്ഥാനസൗകര്യവികസനം എന്ന പ്രോജക്ട് (നം.78/17) 4 ലക്ഷം രൂപ അടങ്കലിൽ തയാറാക്കി ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയതാണ്. പ്രകാശ്കുമാർ, കുറ്റിപ്പുറത്ത്, കോരുത്തോട് കൺവീനറായി 28/AEE/KPLY/2016-17 ആയി കരാർ വച്ച് നടത്തിയ പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ ആയ 1,74,508/- രൂപ നികുതി വിഹിതങ്ങൾ കിഴിച്ച് ബിൽ നം.40/16-17/31.3.17 പ്രകാരം കൺവീനർക്ക് നല്കി. റിട്ടൻഷൻ കിഴിവ് ചെയ്യുകയുണ്ടായില്ല.

2)പ്രോജ.നം 35/17 ആയി വികസനഫണ്ടിൽനിന്ന് 5 ലക്ഷം രൂപ വകയിരുത്തി അംഗീകാരം ലഭിച്ച ഇരുനൂന്നിക്കര ജംഗ്ഷനിൽ കലുങ്കും അപ്രോച്ച് റോഡ് ടാറിംഗും എന്ന പ്രോജക്ട്, ടെൻഡർ നടപടിയിലൂടെ, ജോജു മാത്യു എന്ന കോൺട്രാക്ടർക്ക് കരാർ നല്കുകയുണ്ടായി. ഈ പ്രവൃത്തിയിലും ഒന്നാം പാർട്ട് ബിൽ തുകയായ 2,66,838/- ൽ നിന്ന് നികുതിയിനങ്ങൾ കിഴിച്ച് 2,50,828/- രൂപ കരാറുകാരന് നല്കി. എന്നാൽ റിട്ടൻഷൻ കിഴിവ് ചെയ്തില്ല.

കരാർ പ്രകാരമുള്ള പ്രവൃത്തികൾ കൃത്യമായി യഥാസമയം പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻ/കൺവീനറുടെ മേൽ ഒരു നിയന്ത്രണം എന്ന നിലയിലാണ് പാർട്ട് ബില്ലിൽ നിന്ന് 10% തുക ആയി മരാമത്ത് ചട്ടങ്ങൾ പ്രകാരം ഏർപ്പെടുത്തിയിട്ടുള്ളത്. റിട്ടൻഷൻ ഈടാക്കാതെ തുക നല്കിയതിലൂടെ നിർവഹണ ഉദ്യോഗസ്ഥൻ കരാറുകാരനും, കൺവീനർക്കും വഴിവിട്ട ആനുകൂല്യം നല്കിയിരിക്കുന്നു. ഇത് മരാമത്ത് ചട്ടങ്ങളുടെ ലംഘനമാണ്.

## 3-6 വനിതാ തൊഴിൽ പരിശീലന കേന്ദ്രം -പ്രോജക്ട് ലക്ഷ്യം സാധ്യമായില്ല

2012-13 ൽ നിർമാണം ആരംഭിച്ച് വിവിധ നമ്പർ പ്രോജക്ടുകളിലൂടെ നടപ്പിലാക്കിയതാണ് 2016-17 ൽ 28/17 നമ്പർ പ്രോജക്ടായി പൂർത്തിയാക്കിയ വനിതാ തൊഴിൽ പരിശീലനകേന്ദ്രം. വിവിധ പ്രോജക്ടുകളിലായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നപോലും കൃത്യമായ കണക്കുകളില്ലാതെയാണ് ബൃഹത്തായ ഈ പ്രോജക്ടിന്റെ ഫയൽ സൂക്ഷിച്ചിട്ടുള്ളത്. ലഭ്യമായ കണക്കുകൾ അനുസരിച്ച് ഒരു കോടിയിലധികം രൂപ നാളിതുവരെ ചെലവഴിച്ചതായി കാണുന്നു.

രണ്ടുനിലയായി പൂർത്തിയാക്കിയ കെട്ടിടത്തിന്റെ താഴത്തെ നില നിലവിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസായി ഉപയോഗിക്കുന്നു. ഒന്നാമത്തെ നിലയിൽ കമ്മിറ്റിഹാൾ, പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരുടെ ഓഫീസ്, പൊതുമീറ്റിംഗുകൾക്കുള്ള ഹാൾ എന്നിവയാണുള്ളത്. രണ്ടാമത്തെ നിലയിൽ അലുമിനിയം ഷീറ്റ് മേൽക്കൂരയിൽ ഒരുമുറി തയാറാക്കിവരുന്നത് പൂർത്തിയായിട്ടില്ല. വനിതാ തൊഴിൽ പരിശീലനകേന്ദ്രം എന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്നതല്ലാതെ പ്രോജക്ടിന്റെ പേര് അന്വർഥമാക്കുന്ന യാതൊരു പ്രവർത്തനങ്ങളും നാളിതുവരെ ഈ കെട്ടിടത്തിൽ ആരംഭിച്ചിട്ടില്ല.

എക്സിറ്റ് മീറ്റിംഗിൽ ഇത് പരാമർശിച്ചപ്പോൾ 2017-18 വർഷം വനിതാ തൊഴിൽപരിശീലനകേന്ദ്രം ആരംഭിക്കുമെന്നാണ് അറിയിച്ചത്. പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-7 മസ്റ്റർ റോളുകൾ, ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഹാജരാക്കാതെ ഗുണഭോക്തൃസമിതിക്ക് തുക നല്കി

ഗുണഭോക്തൃസമിതികൾ മുഖേന നിർവഹണം നടത്തുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയാലുടൻതന്നെ വരവ് ചെലവ് കണക്ക്ബുക്ക് ബില്ലുകൾ, മസ്റ്റർ റോളുകൾ, മിനിറ്റ്സ്ബുക്ക് എന്നിവ എൻജിനീയർക്ക് ലഭ്യമാക്കേണ്ടതും എൻജിനീയർ രേഖപ്പെടുത്തുന്ന അളവനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർപ്രകാരമുള്ള നിരക്കോ ഗുണഭോക്തൃസമിതി യഥാർഥത്തിൽ ചെലവഴിച്ച തുകയോ, ഏതാണ് കുറവ് ആ തുക ഗുണഭോക്തൃസമിതിക്ക് നല്കുകയുമാണ് ചെയ്യേണ്ടത് എന്ന് ഗുണഭോക്തൃസമിതി പ്രവൃത്തികൾ സംബന്ധിച്ച മാർഗരേഖ നിർദേശിക്കുന്നു.

എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃസമിതി യഥാർഥത്തിൽ ചെലവഴിച്ച തുകയുടെ ബില്ലുകൾ, വൗച്ചറുകൾ, മസ്റ്റർ റോളുകൾ എന്നിവ ഹാജരാക്കാതെയും, ഭാഗികമായി മാത്രം ഹാജരാക്കുകയും ചെയ്തുവെങ്കിലും കരാർ നിരക്കനുസരിച്ചുള്ള തുക നല്കിയിരിക്കുന്നു. ഗുണഭോക്തൃസമിതി പ്രവൃത്തികൾ സംബന്ധിച്ച മാർഗരേഖ പാലിക്കാതെയാണ് നിർവഹണ ഉദ്യോഗസ്ഥനായ എൻജിനീയർ ഇപ്രകാരം തുക നൽകിയത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കൺവീനർ | എം.ബുക്ക് | എം.ബുക്ക് പ്രകാരം മൂല്യം | കൺവീനർ ഹാജരാക്കിയ രേഖകൾ പ്രകാരം തുക | അധിക മായി നൽകിയ തുക | ട്രഷറി ബിൽ |
|---|---|---|---|---|---|---|---|
| 1 | 91/17,സി.എസ്.ഐ-പൊയ്കപ്പ്ലാക്കൽ റോഡിൽ പാലം | ജോസഫ് ചാക്കോ, പൊയ്കപ്ലാക്കൽ | 840 | 125088 | 100400 | 24,688 | 5/16-17 /31.10.16 |
| 2 | 151/17,തേൻപുഴ കുരിശുപള്ളി-ആശ്രമം റോഡ് | വർഗീസ് ജോർജ്, കാക്കനാട്ട് | 19 | 290980 | 171969 | 1,19,011 | 31/16-17 /31.3.17 |
| 3 | 135/17,പാലപ്ര-പഴമല റോഡ് പൂർത്തീകരണം | ഇ.എസ്.രാജു, ഇഞ്ചക്കാട്ട് | 20 | 290980 | വൗച്ചറുകൾ ഹാജരാക്കിയില്ല. | 2,90,980 | 36/16-17 /31.3.17 |
| 4 | 118/17,വണ്ടനാമല ജലസേചനക്കുളം | ഡൊമിനിക് തോമസ്, വട്ടയ്ക്കാട്ട് | 22 | 113169 | 80579 | 32,590 | 37/16-17 /31.3.17 |
| 5 | 73/17,ആലംപരപ്പ് SC കോളനി അടിസ്ഥാനസൗകര്യ വികസനം | ലക്ഷ്മി ഗോപി, ആലംപരപ്പിൽ | 28 | 340208 | 85000 | 2,55,208 | 42/16-17 /31.3.17 |
| | | | | | | 7,22,477 | |

ഇപ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ മിക്ക പ്രവൃത്തികളിലും കൺവീനർമാർ വൗച്ചറുകളും, ബില്ലുകളും ഹാജരാക്കാതെ തുക നല്കിയതിലൂടെ പൊതുപണത്തിന്റെ ദുർവ്യയം തടയുക എന്ന സർക്കാർ ലക്ഷ്യം അട്ടിമറിക്കുന്നതിൽ നിർവഹണഉദ്യോഗസ്ഥനും ഭരണസമിതിയും ഒരുമിച്ച്

പ്രവർത്തിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. ഗുണഭോക്തൃസമിതി ഹാജരാക്കിയ കണക്കുകളിൽ അധികരിച്ച് നൽകിയ ആകെ തുക 7,22,477 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 സർക്കാർ നിർദേശം ലംഘിച്ച് പ്രോജക്ടുകൾ തയാറാക്കി നടപ്പാക്കിയത്

12-ാം പഞ്ചവത്സരപദ്ധതിയുടെ പുതുക്കിയ മാർഗരേഖ(ജി.ഒ(എം.എസ്)4/2016 ത.സ്വ.ഭ.വ തീയതി 11.1.16, ഖ 6-15.xiv ബി അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും അടങ്കലുള്ള പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്.

എന്നാൽ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് 2016-17 ൽ നടപ്പിലാക്കിയ സ്പിൽ ഓവർ ഉൾപ്പെടെ 81 പ്രോജക്ടുകളിൽ 50 എണ്ണവും 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള പ്രവൃത്തികളാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നടപ്പിലാക്കിയ 51 പ്രോജക്ടുകളിൽ പുതിയ 25 പ്രോജക്ടുകളും 5 ലക്ഷത്തിൽ കുറഞ്ഞ അടങ്കലുള്ള റോഡ് കോൺക്രീറ്റിംഗ് പോലുള്ള പ്രവൃത്തികളാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ചുള്ള ചുമതല വിഭജനമനുസരിച്ച് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ട പ്രവൃത്തികളാണ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ മിക്ക പ്രോജക്ടുകളും.
കൂടാതെ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.കൂട്ടിക്കൽ നടപ്പാക്കിയ 0111/17 'പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽ' പദ്ധതി പ്രകാരം ₹1,00,006 ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2012 (ജി.ഒ.(എം.എസ്.)228/12/തസ്വഭവ തീയതി 23.8.2012) പ്രകാരം പാലിയേറ്റീവ് പരിചരണം ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന പാലിയേറ്റീവ് പരിചരണ പ്രോജക്ടുകൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് കൈമാറുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ഗ്രാമപഞ്ചായത്തുകളുമായി കൂടിയാലോചിച്ച് രോഗീസംഗമങ്ങൾ നടപ്പാക്കുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപ്പാക്കാവുന്നത്.

പഞ്ചവത്സരപദ്ധതിയിലൂടെ ഓരോ തദ്ദേശ സ്ഥാപനവും ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച കൃത്യമായ നിർദേശം മാർഗരേഖയിലൂടെ നല്കുന്നുവെങ്കിലും ടി നിർദേശങ്ങളെ അട്ടിമറിക്കുന്ന രീതിയിലാണ് പ്രോജക്ടുകൾ തയാറാക്കുന്നത്. കൂടാതെ പ്രോജക്ടുകൾക്ക് അംഗീകാരം നല്കുന്ന ജില്ലാ പ്ലാനിംഗ് കമ്മിറ്റിയും സർക്കാർ മാർഗരേഖ കൾ പ്രകാരമുള്ള നിർദേശം മറികടന്നാണ് പ്രോജക്ടുകൾക്ക് അംഗീകാരം നല്കുന്നത്.

പ്രോജക്ടുകൾ തയാറാക്കുന്നതിലും അവയ്ക്ക് അംഗീകാരം നല്കുന്നതിലും ഉത്തരവാദിത്തപ്പെട്ട അധികാരസ്ഥാനങ്ങൾ സർക്കാർ ഉത്തരവുകൾ, നിയമങ്ങൾ എന്നിവ പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-9 ശുചിത്വകോട്ടയം - തുക സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഇല്ല

ശുചിത്വകോട്ടയം എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി 2015-16ൽ മുണ്ടക്കയം, പാറത്തോട് ഗ്രാമപഞ്ചായത്തുകൾക്കായി നല്കിയ 30,000/- രൂപ പഞ്ചായത്തുകൾ സ്വീകരിക്കാതെ തിരികെ നല്കിയത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിന് 25.6.16ലെ 4-ാം നമ്പരായി ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. എന്നാൽ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചതിന്റെയും പഞ്ചായത്തുകളിൽ നിന്ന് തിരികെ ലഭ്യമായതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

ഇതുസംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട്.

## 3-10 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിലേക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്കും ഇലക്ട്രോണിക്/ഫർണിച്ചർ സാമഗ്രികൾ വാങ്ങുന്നതിനായി ചുവടെ ചേർത്തിരിക്കും

പ്രകാരം നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും, ഗണ്യമായ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| പദ്ധതി | ചെലവ് തുക |
|---|---|
| വനിതാ തൊഴിൽ പരിശീലനകേന്ദ്രം ഫർണിച്ചർ വാങ്ങൽ | 11,97,291/- |
| കർഷക ഓപ്പൺമാർക്കറ്റ് അടിസ്ഥാന സൗകര്യം ഒരുക്കൽ | 3,94,000/- |
| വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ | 2,47,350/- |
| വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ | 3,98,400/- |
| സി.എച്ച്.സി ഫാർമസികളിലേക്ക് എ.സി.വാങ്ങൽ | 95,200/- |

ഫർണിച്ചർ/ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി നടപ്പാക്കിയപ്പോൾ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കുകയോ, വാങ്ങൽ നടപടിക്രമത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ പദ്ധതി നടത്തിപ്പിൽ മോണിട്ടറിംഗ് കാര്യക്ഷമമായിരുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിലേക്ക് ലഭിച്ച ഫർണ്ണിച്ചറുകൾ നമ്പറിട്ട് സ്റ്റോക്കിലെടുത്തിട്ടില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല, ചെലവുതുക തടസ്സപ്പെടുത്തുന്നു

വിവിധ ഗ്രാമ പഞ്ചായത്തുകൾ, വൈദ്യുതി ബോർഡ് എന്നിവയിലേക്ക് പദ്ധതി നടത്തിപ്പിനായി ഒടുക്കിയിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന തുകകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | കൈപ്പറ്റിയ സ്ഥാപനം | തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|
| പാലിയേറ്റീവ് കെയർ | കോരുത്തോട് ഗ്രാ.പ | 2,00,000/- | 9/16-17,11.11.16 |
| | പാറത്തോട് ഗ്രാ.പ | 3,00,000/- | 16/16-17,11.1.17 |
| | മണിമല ഗ്രാ.പ | 1,00,000/- | 26/16-17,16.2.17 |
| | കൂട്ടിക്കൽ ഗ്രാ.പ | 2,00,000/- | 27/16-17,18.2.17 |
| | എരുമേലി ഗ്രാ.പ | 5,00,000/- | 32/16-17,20.3.17 |
| പോഷകാഹാര വിതരണം | കാഞ്ഞിരപ്പള്ളി ഗ്രാ.പ | 1,00,000/- | 2/16-17,30.11.16 |
| | മണിമല ഗ്രാ.പ | 1,00,000/- | ,, ,, |
| | മുണ്ടക്കയം ഗ്രാ.പ | 1,00,000/- | " " |
| സമ്പൂർണ്ണ വൈദ്യുതീകരണം | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | 5,00,000/- | 28/16-17,18.2.17 |
| | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ പൊൻകുന്നം | 3,00,000/- | " " |
| ഒ.ഡി.എഫ്. പ്രൊജക്റ്റിന് ബ്ലോക്ക് വിഹിതം | എരുമേലി ഗ്രാ.പ | 10,00,000/- | 1/16-17,28.9.16 |
| | കോരുത്തോട് ഗ്രാ.പ | 10,00,000/- | " " |
| | എരുമേലി ഗ്രാ.പ | 10,00,000/- | 6/16-17,20.10.16 |

| | | | |
|---|---|---|---|
| | എരുമേലി ഗ്രാ.പ | 1,90,734/- | 31/16-17,23.3.17 |

ആകെ 55,90,734/-

വിനിയോഗവിവരങ്ങൾ ലഭിക്കാത്തതിനാൽ ചെലവുതുക 55,90,734/-തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 03/2017 | 34,000 | PMAY | 34,000 | - |
| ജില്ലാ പഞ്ചായത്ത് | 02/17&03/17 | 14,98,000 | PMAY | 13,44,000 | 1,54,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെയോ പ്രവൃത്തി പൂർത്തീകരണത്തിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്. ഇ.ബി. | സമ്പൂർണ്ണ വൈദ്യുതീകരണം | 8,00,000 | വിവരം ലഭ്യമല്ല | - |
| മിഷൻ ഡയറക്ടർ, MGNREGS | അങ്കണവാടികൾക്ക് പുതിയ കെട്ടിടം | 5,17,850 | ,, | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

നൽകിയിട്ടില്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 5 | 2004-05 | 2-1 | വ്യവസായ എസ്റ്റേറ്റിനായി വാങ്ങിയ ഭൂമിയിൽ എസ്റ്റേറ്റ് ആരംഭിച്ചില്ല |
| 2002-03 | 3-2 | 2005-06 | 2-25-1 | അംഗീകാരമില്ലാത്ത SGRY പദ്ധതികൾക്ക് വകമാറ്റി മുൻകൂർ നൽകി |
| 2003-04 | 3-2 | 2005-06 | 2-25-2 | കമ്പ്യൂട്ടർ തൊഴിൽ സാധ്യതാ പരിശീലന പരിപാടിയിൽ ക്രമക്കേടുകൾ |
| 2004-05 | 3-2 | 2007-08a | 3-36-1 | യുവജന കായിക ക്ഷമതാ പരിപാടി-കരാറുകാരൻ വ്യാജരേഖ ചമച്ച് തുക തട്ടിയെടുത്തു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 14,02,13,090 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,23,16,858 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 70,66,711 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം – ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7,53,500 | ശ്രീമതി ബീനാമ്മ ജേക്കബ്, സി.ഡി.പി.ഒ. |
| 3-11 | 55,90,734 | ശ്രീ.കെ.എസ്.ബാബു, സെക്രട്ടറി |
| 3-7 | 7,22,477 | ശ്രീ.അശോകൻ റ്റി.എം., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം - ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

-ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.കെ.പി 13-791/13/04.09.2013 | | |
| 2006-07 | എൽ.എഫ്.കെ.പി 13-791(1)/13/04.09.2013 | | |
| 2007-08 | എൽ.എഫ്.കെ.പി 13-791(2)/13/04.09.2013 | | |
| 2008-09 | എൽ.എഫ്.കെ.പി 13-791(3)/13/04.09.2013 | | |
| 2009-10 | എൽ.എഫ്.കെ.പി 13-791(4)/13/04.09.2013 | | |
| 2010-11 | എൽ.എഫ്.കെ.പി 13-791(5)/13/04.09.2013 | | |
| 2011-12 | എൽ.എഫ്.കെ.പി 13-758/13/01.11.2013 | | |
| 2012-13 | എൽ.എഫ്.കെ.പി 13-65/16/20.08.2016 | 15 | |
| 2013-14 | എൽ.എഫ്.കെ.പി 13-1025/15/19.03.2016 | 17 | |
| 2014-15 & 2015-16 | എൽ.എഫ്.കെ.പി 13-1507/16/17.10.2016 | 03 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി15/1624/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 02.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം